# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 18**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## മഴക്കാല രോഗം: പ്രതിരോധനടപടികൾ ശക്തമാക്കി ജില്ലാ ഭരണകൂടം

കാലവർഷം കനത്തതോടെ മഴക്കാലരോഗങ്ങൾ ഏറാനുള്ള സാധ്യത കണക്കിലെടുത്ത് ആരോഗ്യം, ആയുർവേദം, ഹോമിയോ എന്നീ വകുപ്പുകളുടെ കീഴിൽ മഴക്കാലരോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി ജില്ലാ ഭരണകൂടം.

നിപ മുതൽ ജപ്പാൻ ജ്വരം വരെയുള്ള രോഗങ്ങൾ പടർന്നു പിടിക്കാനിടയുള്ള സാഹചര്യം കണക്കിലെടുത്താണ് പ്രതിരോധപ്രവർത്തനങ്ങൾ ശക്തമാക്കി. ജില്ലയിലെ മഴക്കാലരോഗപ്രതിരോധ പ്രവർത്തനങ്ങളിൽ അതീവശ്രദ്ധ ചെലുത്താൻ ആരോഗ്യം, ആയുർവേദം, ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നേരത്തേ തന്നെ നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ, ക്ളോറിനേഷൻ, ബോധവത്കരണ ക്ലാസുകൾ, ഓടകൾ വൃത്തിയാക്കൽ, കുടിവെള്ള സ്രോതസ്സുകളെ മാലിന്യമുക്തമാക്കൽ, കൊതുകു നിവാരണ പരിപാടികൾ, രോഗപ്രതിരോധ മരുന്നുകളുടെ വിതരണം എന്നിവ നല്ലരീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിലാണ് ആരോഗ്യവകുപ്പിന്റെ കീഴിൽ ഏറ്റവുമധികം ക്ളോറിനേഷൻ നടന്നിട്ടുള്ളത്. മഞ്ഞപ്പിത്തം പടർന്ന് പിടിച്ച സാഹചര്യത്തിലാണിത്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ എച്ച്1 എൻ1, ഡെങ്കി, എലിപ്പനി, മഞ്ഞപ്പിത്തം എന്നിവ റിപ്പോർട്ട് ചെയ്യപ്പെട്ടതിനാൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാണ്. ഇതിനെതിരെയുള്ള ബോധവത്കരണ ക്ലാസുകളും മരുന്ന് വിതരണവും കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

കുടിവെള്ളം ശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ സേഫ് വാട്ടർ പദ്ധതിക്കും എസ്റ്റേറ്റുകൾ കേന്ദ്രീകരിച്ച് ക്ളീൻ പ്ലാന്റേഷൻ പദ്ധതിക്കും രൂപം നൽകി. വീടുകളിൽ ഞായറാഴ്ച ദിവസവും കോളേജുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ വെള്ളിയാഴ്ചയും സ്ഥാപനങ്ങളിൽ ശനിയാഴ്ച കേന്ദ്രീകരിച്ച് ഡ്രൈ ഡേ ആയി ആചരിക്കുന്നുണ്ട്. വാർഡ് തലത്തിൽ കുടുംബശ്രീകൾ വഴി ബോധവത്കരണ ക്ലാസുകൾ ഊർജ്ജിതമാക്കി. എപ്പോൾ വേണമെങ്കിലും സന്നദ്ധമായിരിക്കാൻ തക്കവണ്ണം ആശുപത്രികളെ സജ്ജമാക്കി. ഹോമിയോ, ആയുർവേദ വകുപ്പുകളുടെ കീഴിലും രോഗപ്രതിരോധ പ്രവർത്തനങ്ങൾ തകൃതിയായി നടക്കുന്നുണ്ട്. ആയുർവേദവകുപ്പിന്റെ കീഴിൽ ഇതു വരെയായി 19 മെഡിക്കൽ ക്യാമ്പുകൾ നടത്തി. 34 സ്ഥാപനങ്ങളിൽ പ്രതിരോധമരുന്നുകൾ വിതരണം ചെയ്യുകയും 85 ബോധവത്കരണക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ ആഴ്ചയിലും ഡ്രൈ ഡേ ആചരിക്കുന്നു. ഹോമിയോവകുപ്പിന്റെ കീഴിലും പ്രതിരോധ മരുന്ന് വിതരണവും ബോധവത്കരണ പരിപാടികളും ഊർജ്ജിതമാണെന്നു ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

മഴക്കാല രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലയിലെ ഇടങ്ങളിലെ ഹോട്ടലുകൾ, ലഘുഭക്ഷണ ശാലകൾ എന്നിവിടങ്ങളിൽ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നുണ്ട്. പഴകിയതും ഉപയോഗശൂന്യവുമായ ഭക്ഷണ പദാർഥങ്ങൾ കണ്ടെടുത്തു നശിപ്പിച്ചു. ന്യൂനതകൾ പരിഹരിക്കുന്നതിനായി നോട്ടീസ് നല്കുകയും പിഴയടപ്പിക്കുകയും ചെയ്തു. നന്നായി തിളപ്പിച്ചാറിയ കുടിവെള്ളം മാത്രമേ നൽകാവൂ എന്നും ഭക്ഷണപദാർഥങ്ങൾ മൂടി സൂക്ഷിച്ചുവെക്കാനും സ്ഥാപനവും പരിസരവും വൃത്തിയായി

സൂക്ഷിക്കാനും നിർദേശമുണ്ട്. ന്യൂനതകൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതടക്കമുള്ള നടപടികളും സ്വീകരിക്കും.

# വായനപക്ഷാചരണം : ജില്ലാതല ഉദ്ഘാടനം ഇന്ന്

ജൂൺ 19 മുതൽ ജൂലൈ 7 വരെ ലൈബ്രറി കൗൺസിലിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ വായനാപക്ഷാചരണം സംഘടിപ്പിക്കുന്നു. ജില്ലാതല ഉദ്ഘാടനം ജൂൺ 19 രാവിലെ പത്തിന് കേരള സാഹിത്യ അക്കാദമി ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിക്കും. ജില്ലാ കളക്ടർ ടി വി അനുപമ അദ്ധ്യക്ഷത വഹിക്കും. കോർപ്പറേഷൻ മേയർ അജിത വിജയൻ മുഖ്യാതിഥിയാകും. സാഹിത്യ അക്കാദമി സെക്രട്ടറി കെ പി മോഹനൻ വായനദിന സന്ദേശം നൽകും. ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ടി കെ വാസു പി എൻ പണിക്കർ അനുസ്മരണം നടത്തും. ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം സുനിൽ ലാലൂർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതുരാജ്, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ്കുമാർ, സാക്ഷരത മിഷൻ ജില്ലാ കോർഡിനേറ്റർ ശ്യാംലാൽ എന്നിവർ ആശംസ നേരും. ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ എൻ ഹരി പി എൻ പണിക്കർ ഫൗണ്ടേഷൻ കെ കെ സീതാരാമൻ നന്ദിയും പറയും.

തൃശൂർ താലൂക്ക് -കെ വി തങ്കമ്മ (ഗ്രാമീണ വായനശാല, കോടന്നൂർ) കൊടുങ്ങല്ലൂർ - ബേബി പ്രഭാകരൻ (ജനശക്തി വായനശാല കൂളുമുട്ടം) തലപ്പിള്ളി - ടി വാസുദേവൻ (കെ എസ് ആർ എം എസ് ഗ്രാമീണ വായനശാല മായന്നൂർ), ചാലക്കുടി - സുരേഷ് പി എ (ജനകീയ വായനശാല, പാറക്കൂട്ടം) ചാവക്കാട് - മേരി പോൾ ( ഗ്രാമീണ വായനശാല, കോട്ടപ്പടി) മുകുന്ദപുരം - അഡ്വ. കെ ജി അജയകുമാർ ( മഹാത്മഗാന്ധി റീഡിംഗ് റൂം ആന്റ് ലൈബ്രറി ഇരിങ്ങാലക്കുട) എന്നിവരെയാണ് ജില്ലയിലെ മികച്ച ഗ്രന്ഥശാല പ്രവർത്തകരായി തെരഞ്ഞെടുത്തിട്ടുള്ളത്. മികച്ച ലൈബ്രേറിയനായി എൻ കെ ഹരിശ്ചന്ദ്രയെും (ഗ്രാമീണ വായനശാല, പുത്തൻചിറ) തെരഞ്ഞെടുത്തു. ജില്ലയിലെ മികച്ച സ്കൂൾ ലൈബ്രറികളായി തെരഞ്ഞെടുക്കപ്പെട്ട വരവൂർ ജി എൽ പി എസ്, കൊടുങ്ങല്ലൂർ ബോയ്സ് ഗവ. ഹയർ സെക്കന്ററി സ്കൂൾ, ആശാരിക്കാട് ജി യു പി എസ് സ്കൂൾ എന്നിവയ്ക്ക് 3000 രൂപയുടെ പുസ്തക കിറ്റുകൾ നൽകും. കേരളത്തിലെ മികച്ച പോലിസ്റ്റേഷനായി തെരഞ്ഞെടുക്കപ്പെട്ട ചാലക്കുടി പോലിസ്സ്റ്റേഷനിൽ പുതുതായി ആരംഭിക്കുന്ന ലൈബ്രറിക്കും അതിരപ്പിള്ളി പഞ്ചായത്തിൽ ആരംഭിക്കുന്ന ട്രൈബൽ ലൈബ്രറിക്കും പുസ്തക കിറ്റുകൾ വിതരണം ചെയ്യും.

19 ന് ഉച്ചതിരിഞ്ഞ് ജില്ലയിലെ 12 വിദ്യാഭ്യാസ ഉപജില്ലാതല ഉദ്ഘാടനങ്ങളും നടക്കും. ജൂലൈ 7 വരെയുള്ള തിയ്യതികളിൽ വിദ്യഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ അടക്കം എല്ലാ മേഖലയിലും വായനയെ പ്രോത്സാഹിപ്പിക്കാനും വിപുലപ്പെടുത്താനും ജില്ലയിലാകെ വിവിധ പരിപാടികൾ സംഘടിപ്പിക്കും. വനിതകൾക്കായും, യു. പി. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള വായന മത്സരങ്ങളും ബഷീർ, കേശവദേവ്, പൊൻകുന്നം വർക്കി അനുസ്മരണപരിപാടികളും ഈ കാലയളവിൽ നടക്കും. ജൂലൈ 7 ന് താലൂക്ക് തലത്തിൽ ഐ വി ദാസ് അനുസ്മരണത്തോടെ വായനപക്ഷാചരണ പരിപാടികൾ സമാപിക്കും.

# കാത്തിരിപ്പുകൾക്ക് വിരാമം: കുന്നംകുളം നഗരസഭ കമ്മ്യൂണിറ്റി ഹാൾ 22 ന് തുറന്നു കൊടുക്കും

കുന്നംകുളം നഗരസഭയിലെ ചൊവ്വന്നൂർ കമ്മ്യൂണിറ്റി ഹാൾ കാത്തിരിപ്പുക്കൾക്കൊടുവിൽ പ്രവർത്തനസജ്ജമാക്കി ജനങ്ങൾക്കായി തുറന്നു കൊടുക്കുന്നു. 12 വർഷമായി മുടങ്ങിക്കിടന്ന നിർമാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചാണ് കമ്മ്യൂണിറ്റി ഹാൾ 22 ന് ഉദ്ഘാടനം ചെയ്യുന്നത്. വൈകീട്ട് നാലിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഏ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യും. നഗരസഭ ചെയർ പേഴ്സൺ സീതാ രവീന്ദ്രൻ അധ്യക്ഷയാവും. വൈസ് ചെയർമാൻ പി.എം. സുരേഷ്, സ്ഥിരം സമിതി അധ്യക്ഷന്മാർ തുടങ്ങിയവർ പങ്കെടുക്കും.

നഗരസഭയുടെ പദ്ധതി പ്രവർത്തനത്തിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപ ചെലവഴിച്ചാണ് കമ്മ്യൂണിറ്റി ഹാളിന്റെ പണികൾ പൂർത്തിയാക്കിയത്. ഇതിന് വേണ്ടി നേരത്തെ ഉണ്ടായിരുന്ന രൂപരേഖയിൽ കാര്യമായ മാറ്റങ്ങൾ വരുത്തി. ആദ്യത്തെ മാതൃകയിൽ സ്റ്റേജിന് നടുവിൽ തൂണുകൾ വന്നിരുന്നു. സ്റ്റേജിൽ നടക്കുന്ന പരിപാടികൾ കാണാൻ കഴിയാത്ത വിധമായിരുന്നു ഇത്. സ്റ്റേജിന്റെ വീതി കുറച്ച് ഇത് പരിഹരിച്ചു. വസ്ത്രങ്ങൾ മാറുന്നതിനും മറ്റും പുതിയ മുറികളൊരുക്കി. അടുക്കള, സംഭരണ മുറി, കുഴൽ കിണർ, മുറ്റം ടൈൽ വിരിക്കൽ, ഫർണിച്ചറുകൾ വാങ്ങൽ എന്നിവയും നടത്തി. കൂടാതെ ഹാളിന് സമീപമുണ്ടായിരുന്ന മരങ്ങളെ തറ കെട്ടി സംരക്ഷിക്കുകയും ചെയ്തു. തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി മൈതാനത്ത് ഉടൻ അലങ്കാര മുളകൾ വെച്ചുപിടിപ്പിക്കും. സ്ഥിരം സുരക്ഷാ ജീവനക്കാരൻ, നിരീക്ഷണ ക്യാമറകൾ, ജനറേറ്റർ എന്നിവയും ഇവിടെയുണ്ടാകും.

നഗരസഭയിൽ മുടങ്ങികിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായാണ് കമ്മ്യൂണിറ്റി ഹാളിന്റെ നിർമാണം വീണ്ടും തുടങ്ങിയത്. ചൊവ്വന്നൂർ ഗ്രാമപ്പഞ്ചായത്തിൽ നിന്ന് നഗരസഭയോട് കൂട്ടിച്ചേർത്ത സ്ഥലത്താണ് കമ്മ്യൂണിറ്റി ഹാൾ. 2007-2008 സാമ്പത്തിക വർഷത്തിലാണ് ഇതിന്റെ നിർമ്മാണം തുടങ്ങിയത്. തുടർന്ന് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി ഇതിന് 30 ലക്ഷം രൂപ വകയിരുത്തി. ഗ്രാമീണ മേഖലയായ ചൊവ്വന്നൂരിലെ ആളുകൾക്ക് കമ്മ്യൂണിറ്റി ഹാൾ ഏറെ പ്രയോജനപ്പെടുന്നതോടൊപ്പം നഗരസഭക്കും സാമ്പത്തിക നേട്ടവുമുണ്ടാകും.

## ഇന്ന് (ജൂൺ 19) ജലവിതരണം തടസ്സപ്പെടും

പീച്ചി ജലശുദ്ധീകരണശാലയിൽ വൈദ്യുതി തടസ്സം നേരിടുന്നതിനാൽ ഇന്ന് (ജൂൺ 19) തൃശൂർ നഗരസഭ പ്രദേശത്തും അനുബന്ധ പഞ്ചായത്തുകളിലും ശുദ്ധജല വിതരണം ഭാഗികമായി തടസ്സപ്പെടുമെന്ന് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## കുടുംബശ്രീ ഓഡിറ്റർമാരെ തെരെഞ്ഞെടുക്കുന്നു

കുടുംബശ്രീ ജില്ലാമിഷന്റെ കീഴിൽ കുടുംബശ്രീ അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ് സർവീസ് സൊസൈറ്റിയിലേക്ക് ഓഡിറ്റർമാരെ തെരഞ്ഞെടുക്കുന്നതിനു ബികോം, കമ്പ്യൂട്ടർ, വിദ്യാഭ്യാസ യോഗ്യതയുള്ള കുടുംബശ്രീ വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 18-35 വയസ്സ്. ഉദ്യോഗാർത്ഥി കുടുംബശ്രീ അയൽക്കൂട്ട അംഗമോ കുടുംബാംഗമോ ആയിരിക്കണം. സിഡിഎസ് ചെയർപേഴ്സണിൽ നിന്നും അയൽക്കൂട്ട അംഗമാണെന്ന സാക്ഷ്യപത്രം വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷഫോമിനൊപ്പം സമർപ്പിക്കണം. അസ്സൽ സർട്ടിഫിക്കറ്റിന്റെ കോപ്പി സഹിതം അപേക്ഷ നേരിട്ടോ അല്ലെങ്കിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, സിവിൽ സ്റ്റേഷൻ, രണ്ടാം നില, അയ്യന്തോൾ, തൃശൂർ 680 003 എന്ന വിലാസത്തിൽ ജൂൺ 26 വൈകീട്ട് മൂന്നിന് മുമ്പായി എത്തിക്കുക.

## തീരദേശ വളണ്ടിയറെ നിയമിക്കുന്നു

ജില്ലയിലെ തീരദേശ പഞ്ചായത്തുകളായ എറിയാട്, എസ്എൻ പുരം എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി വളണ്ടിയർമാരെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ഹയർ സെക്കണ്ടറിയോ തത്തുല്യ വിദ്യാഭ്യാസയോഗ്യതയുള്ള എറിയാട്, എസ്എൻ പുരം എന്നീ പഞ്ചായത്തുകളിലെ കുടുംബശ്രീ അംഗമോ കുടുംബാംഗമോ ആയിരിക്കണം. വെള്ള പേപ്പറിൽ പൂരിപ്പിച്ച അപേക്ഷ സിസിഎസ് മുഖേന ജില്ലാ മിഷനിൽ സമർപ്പിക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 26 വൈകീട്ട് മൂന്ന് മണി.

## ഓഫീസ് മാറ്റം

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ തൃശൂർ ജില്ലാ ഓഫീസ് ഇന്ന് (ജൂൺ 19) മുതൽ തൃശൂർ ശക്തൻ നഗറിലെ ശക്തൻ ആർക്കേഡ് കെട്ടിടത്തിന്റെ രണ്ടാം നിലയിലേക്ക് മാറുമെന്ന് അസിസ്റ്റന്റ് ജനറൽ മാനേജർ അറിയിച്ചു.

## അന്തർദേശീയ യോഗ ദിനാചരണം

ഗുരുവായൂർ നഗരസഭയുടെയും ആയൂർവേദ ആശുപത്രിയുടെയും ആഭിമുഖ്യത്തിൽ അന്തർദേശീയ യോഗ ദിനാചരണം ജൂൺ 21 രാവിലെ ഒൻപതിന് നഗരസഭ ടൗൺഹാളിലെ കിച്ചൺ ബ്ലോക്കിൽ നഗരസഭ ചെയർപേഴ്സൺ വി എസ് രേവതി ഉദ്ഘാടനം ചെയ്യും. നഗരസഭ ചെയർമാൻ കെ പി വിനോദ് അദ്ധ്യക്ഷത വഹിക്കും. പൊതുജനങ്ങൾക്കായി അന്നേ ദിവസം മുതൽ തുടർച്ചയായ 5 ദിവസങ്ങളിൽ സൗജന്യ യോഗ പരിശീലനം ഉണ്ടായിരിക്കും.

## പിഎസ്സി സൗജന്യ പരിശീലനം

ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിൽ കൊടുങ്ങല്ലൂർ കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്സിൽ സൗജന്യ പിഎസ്സി, യുപിഎസ്സി പരീക്ഷാ പരിശീലനം ജൂലൈ ഒന്നിന് ആരംഭിക്കും. താൽപര്യമുള്ളവർ രണ്ട് ഫോട്ടോ, തിരിച്ചറിയൽ കാർഡിന്റെ കോപ്പി, സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതമുള്ള അപേക്ഷ ജൂൺ 20 നകം നൽകണം. വിശദവിവരങ്ങൾക്കും പരിശീലനകേന്ദ്രവുമായി നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടണം. വിലാസം : കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്സ്, ചേരമാൻ ജുമാ മസ്ജിദ് ബിൽഡിങ്, കൊടുങ്ങല്ലൂർ, തൃശൂർ. ഫോൺ : 0480-2804859, 9400976839, 9037902372.

## വിദ്യാഭ്യാസ ധനസഹായം

കേരള കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് എസ്എസ്എൽസി/ടിഎച്ച്എൽസി ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ പരീക്ഷാതീയതിക്ക് തൊട്ടുമുൻപത്തെ മാസത്തിൽ 12 മാസത്തെ അംഗത്വകാലം പൂർത്തീകരിച്ചവരും 24 മാസത്തിൽ കൂടുതൽ അംശാദായ കുടിശ്ശിക ഇല്ലാത്തവരും ആയിരിക്കണം. അപേക്ഷ ജൂലൈ 15 വരെ ഓഫീസിൽ സ്വീകരിക്കും. പുതിയ അപേക്ഷാഫോം ഓഫീസിൽ ലഭ്യമാണ്. ഫോൺ : 0487-2386754.

## ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനം : ഉപന്യാസ-ക്വിസ് മത്സരം

ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൊതുജനങ്ങൾക്കും ഉപന്യാസ മൽസരം സംഘടിപ്പിക്കുന്നു. 'നവകേരള നിർമിതയിൽ സ്റ്റാറ്റിസ്റ്റിക്സ് എങ്ങനെ പ്രയോജനപ്പെടുത്താം' എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കി ജൂൺ 25 നകം അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഓഫീസിൽ നൽകണം. മൽസരത്തിൽ പങ്കെടുക്കാത്തവർക്കും മേൽവിഷയത്തിൽ തങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാം. ഫോൺ : 0487-2361339, 9072770295.

## ഗവ. ഐടിഐ: അപേക്ഷ ക്ഷണിച്ചു

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പുല്ലൂറ്റ് ഗവ. ഐടിഐയിൽ ഏകവത്സര കോഴ്സായ കാർപെന്റർ ട്രേഡിലേക്ക് ട്രെയിനികളെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: എസ്എസ്എൽസി. പ്രവേശനം ലഭിക്കുന്നവർക്ക് പരിശീലനം പൂർണ്ണമായും സൗജന്യമാണ്. സ്റ്റൈപ്പന്റ്, ലംപ്സംഗ്രാൻഡ്, യൂണിഫോം അലവൻസ്, സ്റ്റഡി ടൂർ അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങളും ലഭിക്കും. ഉച്ചഭക്ഷണം, പോഷകാഹാരം എന്നിവ സ്ഥാപനത്തിൽ നിന്നും നൽകും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 29. ഫോൺ : 0480-2805620, 9061514773.

## വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു

അന്നമനട ഗ്രാമ പഞ്ചായത്ത് 2019 -20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ടെസി ടൈറ്റസ് വിതരണോദ്ഘാടനം നടത്തി. ജനറൽ വിഭാഗത്തിൽ 90 കട്ടിലും പട്ടിക വർഗ്ഗ വിഭാഗത്തിൽ 36 കട്ടിലും വിതരണം ചെയ്തു. പഞ്ചായത്ത് അംഗങ്ങളായ മിനിത ബാബു, പി. എ. പൗലോസ്, ബേബി പൗലോസ് എന്നിവർ സംസാരിച്ചു. ഐ സി ഡി എസ് സൂപ്പർ വൈസർ ജിംസി ജോസ്, അസിസ്റ്റന്റ് സെക്രട്ടറി കെ. എ. ശ്രീലത, സെക്രട്ടറി പി. ജി. പ്രദീപ് എന്നിവർ പങ്കെടുത്തു.

## സീറ്റൊഴിവ്

കേരള സർവ്വകലാശാലയുടെയും എഐസിടിഇയുടെയും അംഗീകാരത്തോടെ ആലപ്പുഴ പുന്നപ്ര അക്ഷരനഗരി കേപ്പ് കാമ്പസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്ആൻഡ് ടെക്നോളജി (ഐ.എം.ടി) യിൽ 2019 - 2021 ബാച്ചിലേയ്ക്കുള്ള ദ്വിവത്സര ഫുൾടൈം എംബിഎ പ്രോഗ്രാമിൽ സീറ്റൊഴിവുണ്ട്. ഫിനാൻസ്, മാർക്കറ്റിങ്, ഹ്യൂമൺ റിസോഴ്സ്, ഓപ്പറേഷൻസ് എന്നിവയിൽ രണ്ട് എസ്‌സി സീറ്റും ഒരു എസ്ടി സീറ്റമാണ് ഒഴിവുള്ളത്. 40 ശതമാനം മാർക്കോടെ ബിരുദവും അതോടൊപ്പം കെ-മാറ്റ് / സി-മാറ്റ് / ക്യാറ്റ് ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാഫോമുകൾക്ക് കോളേജുമായി ബന്ധപ്പെടുക. വിലാസം: ഡയറക്ടർ, ഐ.എം.റ്റി പുന്നപ്ര, ഫോൺ : 0477 2267602, 9947733416.

## ഭാഗ്യക്കുറി ടിക്കറ്റ്:
## ബോധവൽക്കരണം പരിപാടി

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വ്യാജ സമ്മാന ടിക്കറ്റുകൾ ഹാജരാക്കി ഭാഗ്യക്കുറി ഏജന്റമാരേയും വിൽപ്പനക്കാരേയും സാമ്പത്തികമായി ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ഏജന്റുമാരേയും വിൽപനക്കാരേയും ബോധവൽക്കരിക്കുന്നതിനായി ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നു. സ്ഥലം, തീയതി, സമയം യഥാക്രമം. തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാൾ-ജൂൺ 25-രാവിലെ 11, ചാവക്കാട് മുനിസിപ്പൽ ഹാൾ-ജൂൺ 28-ഉച്ച 2, ഇരിങ്ങാലക്കുട മിനി ടൗൺ ഹാൾ-ജൂൺ 20-ഉച്ച 2. എല്ലാ ക്ഷേമനിധി അംഗങ്ങളും ഏജന്റുമാരും പങ്കെടുക്കണമെന്ന് ക്ഷേമനിധി ഓഫീസർ അറിയിച്ചു.

## വിദ്യാർത്ഥികൾക്ക് അനുമോദനം

തൃശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആൻഡ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് സ്റ്റാഫ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സ്റ്റാഫ് കൗൺസിൽ അംഗങ്ങളുടെ മക്കളിൽ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയവരെ അനുമോദിച്ചു. കെ പി അരവിന്ദ്, ഗൗതം കൃഷ്ണ എന്നിവരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജോയി ജോൺ മെമന്റോ, ക്യാഷ് അവാർഡ് നൽകി ആദരിച്ചു.